# Kerala Psc

## Kerala History

Please visit www.neptunevines.com for more Educational content

Neptunevines

# പോർട്ടുഗീസ് കാലഘട്ടം

**ആദ്യ സന്ദർശനം**

1498 മെയ് 20 നാണ് *വാസ്കോ ഡാ ഗാമ* കാപ്പാട് (*കോഴിക്കോട്*) എത്തിച്ചേരുന്നത് .

1453 ൽ ഓട്ടോമൻ തുർക്കികൾ കോൺസ്റ്റാന്റിനോപ്പിള് പിടിച്ചെടുത്തതിൻ മൂലം യൂറോപ്യന്മാർക് കടൽ മാർഗം കണ്ടുപിടിക്കേണ്ടിവന്നു .

1497 ൽ ലിസ്ബണിൽ നിന്നും വാസ്കോ ഡാ ഗാമ യാത്ര തുടങ്ങി .

ആദ്യമായിട്ടായിരുന്നു ഒരു യൂറോപ്യൻ ആഫ്രിക്ക ചുറ്റി (*കേപ് ഓഫ് ഗുഡ് ഹോപ്പ്* ) ഇന്ത്യയിലെത്തിച്ചേരുന്നത് , ഇത് മേഖലയിലെ അറബ് , വെനീഷ്യൻ ശക്തികളുടെ സുഗന്ധ വ്യഞ്ജന കച്ചവട കുത്തക ഇല്ലാതാകുന്നുന്നതിനുള്ള കാരണമായി ഭവിച്ചു.

ഇന്ത്യയിൽ തന്നെ ആദ്യമായി കടൽമാർഗ്ഗം കച്ചവടത്തിനെത്തിയ **ആദ്യ യൂറോപ്യൻ ശക്തി** ഇവരായിരുന്നു .



*Figure 1: arriaval of the portuguese in india*

അദ്ദേഹം **കോഴിക്കോട്** ***സാമൂതിരിയോടു*** മുഖം കാണിക്കുകയും കച്ചവട ചർച്ചകൾ നടത്തുകയും ചെയ്തു .

എന്നാൽ തന്റെ സംഘത്തെയും ചരക്കുകളും കോഴിക്കോട് നിർത്താനുള്ള അനുമതി സാമൂതിരി നിഷേധിച്ചു .

ഇതിനെത്തുടർന്ന് കോഴിക്കോടുനിന്നും പോയ ഗാമ കോലത്തിരിയുടെ സഹായത്തോടുകൂടി തന്റെ ചരക്കുകളും മറ്റും സൂക്ഷിച്ചു കണ്ണൂരിലെത്തിയ ഗാമയ്ക്ക് കോലത്തിരി എല്ലാവിധത്തിലുമുള്ള വാണിജ്യ സഹായങ്ങളും വാഗ്ദാനം ചെയ്തിരുന്നു

1498 ൽ കണ്ണൂരിൽ നിന്നും ഗാമ പുറപ്പെട്ട് 1499 ൽ ലിസ്ബണിൽ എത്തിച്ചേർന്നു .

തിരിച്ചെത്തിയ ഗാമയ്ക്ക് ***മാനുവൽ രാജാവ്*** ഡോം പദവി നൽകുകയുണ്ടായി .

## പെഡ്രോ അൽവാരസ്സ് കബ്രാൾ

1500 ൽ വാസ്കോ ഡാ ഗാമയുടെ പിൻഗാമിയായി കേരളത്തിലേക്ക് വന്ന നാവികനാണ് ***കബ്രാൾ*** ,
33 കപ്പലുകളും 1500 ഓളം ആളുകളുമായി ഇന്ത്യയിലേക്ക് പുറപ്പെട്ട കബ്രാൾ ഇന്ത്യയിലെത്തിയത് വെറും 6 കപ്പലുകളുമായാണ് .

കബ്രാളിന്റെ പ്രതിനിധിയായ ഐറസ് കൊറിയയുമായി സാമൂതിരി ധാരണയിലെത്തുകയും അവർക്ക് കോഴിക്കോട് ഫാക്ടറി നിർമ്മിക്കാൻ അനുവാദം കൊടുക്കുകയും ചെയ്തു .

എന്നാൽ കോഴിക്കോട്ടെ നാട്ടുകാരും പോർച്ചുഗീസുകാരും തമ്മിലുള്ള പ്രശ്നങ്ങൾ വഷളായതോടുകൂടി പ്രതിസന്ധി സൃഷ്ടിച്ചു .

കോഴിക്കോട്ടെ അറബികപ്പലിലെ ജീവനക്കാരെ കൊന്ന പോർച്ചുഗീസുകാരോടുള്ള അമർഷം ജനങ്ങൾ അവരുടെ ഫാക്ടറി നശിപ്പിച്ചു കൊണ്ട് തീർത്തു . കരയിലുണ്ടായിരുന്ന പകുതിയിലധികം പോർച്ചുഗീസുകാർ ജനങ്ങൾ കൊന്നു .

കബ്രാൾ കൊച്ചിയിലേക്ക് കപ്പൽ കയറി ,**കൊച്ചി രാജാവ്** അദ്ദേഹത്തെ സ്വീകരിച്ച് അവർക്ക് കൊച്ചിയിൽ വ്യാപാരശാല തുടങ്ങാൻ സഹായം വാഗ്ദാനം ചെയ്തു ഉടമ്പടിയിലേർപ്പെട്ടു .

## ഗാമയുടെ രണ്ടാം വരവ്

NEPTUNEVINES

സാമൂതിരിയുടെ പോർച്ചുഗീസ് വിരോധവും , കോഴിക്കോടൻ നാവികപ്പടയെ എതിരിടാൻ സാധിക്കാതെ പരാജയപ്പെട്ട കബ്രാളിന്റെ വിവരവും ലഭിച് ക്ഷുഭിതനായ ഡോം മാനുവൽ 15 കപ്പലുകളും 800 ആളുകളുമായി വാസ്കോ ഡാ ഗാമയുടെ തന്നെ നേതൃത്വത്തിൽ 1502 ൽ ഇന്ത്യയിലേക്ക് തിരിച്ചു .ഇപ്പ്രാവശ്യം അഞ്ചിദ്വീപിലിറങ്ങിയ ഗാമ പിന്നീട് കണ്ണൂരിലെത്തി കോലത്തിരി അദ്ദേഹത്തിന്



*Figure 2: Vasco da Gama*

സഹായം വാഗ്ദാനം ചെയ്തു .കൊച്ചിയെ വിലയ്ക്ക് കണ്ണുരും ചരക്കുകൾ നാലകമെന്നു വാക് കൊടുത്തു .

പിന്നീട് കോഴിക്കോട്ടുപോയ ഗാമ കോഴിക്കോട്ടെ മുസ്ലീങ്ങളെ എല്ലാവരെയും നഗരത്തിൽ നിന്നും പറഞ്ഞയക്കണമെന്നു സാമൂതിരിയോട് ആവശ്യപ്പെട്ടു , എന്നാൽ സ്വാഭാവികമായും സാമൂതിരി അത് നിരസിച്ചു .അതിനാൽ പോർച്ചുഗീസുകാർ നഗരം ആക്രമിച്ചു

രണ്ടാംവരവ് ഗാമയ്ക്ക് വിജയകരമായിരുന്നു , അദ്ദേഹത്തിന് ചരക്കു കച്ചവടത്തിന്റെ മേൽക്കോയ്മ സൃഷ്ടിച്ചെടുക്കാൻ സാധിച്ചു .

## കൊച്ചിയും കോഴിക്കോടും തമ്മിൽ ഉണ്ടായ യുദ്ധം

കൊച്ചി രാജാവും പോർച്ചുഗീസ് ശക്തിയും തമ്മിലുള്ള സൗഹൃദം സാമൂതിരി രാജാവിന് യാതൊരു സൃഷ്ടിച്ചിരുന്നു. ഒരു വിദേശശക്തിയും ആയിട്ടുള്ള സൗഹൃദത്തിനാണോ അതോ സാമൂതിരിയും ആയിട്ടുള്ള സൗഹൃദത്തിനാണോ കൊച്ചി രാജാവ് കൂടുതൽ വില വയ്ക്കുന്നത് എന്ന് സാമൂതിരി അന്വേഷിച്ചിരുന്നു എന്നാൽ മൈത്രി ഭാവത്തിലുള്ള മറുപടി ആയിരുന്നില്ല കൊച്ചി രാജാവിൽ നിന്നും സാമൂതിരിക്ക് ലഭിച്ചത്.

ഭാവിയിൽ പോർച്ചുഗീസുകാരുമായുള്ള വ്യാപാര ബന്ധത്തിലൂടെയുള്ള വികസനം ആയിരുന്നു കൊച്ചി രാജാവിന്റെ മനസ്സിൽ അതുകൊണ്ടുതന്നെ പോർച്ചുഗീസുകാരുടെ സംരക്ഷണത്തിൽ സ്വന്തം രാജ്യത്തിന്റെ ഉജ്ജ്വലമായ ഭാവിയായിരുന്നു കൊച്ചി രാജാവിന്റെ സ്വപ്നം എന്നാൽ 1503 മാർച്ച് ഒന്നാം തീയതി കോഴിക്കോട് സൈന്യം കൊച്ചിയിലേക്ക് പുറപ്പെട്ടു ലോറൻസ് മുറിയിനോയുടെ കീഴിൽ പോർച്ചുഗീസ് സഹായിച്ച കൊച്ചി സൈന്യം അവരുടെ ഇടപ്പള്ളികോട്ട സംരക്ഷിച്ചു. കടലിൽ നിന്നും കരയിൽ നിന്നും ഒരേസമയം ആക്രമണം നടത്തിയ സാമൂതിരി സൈന്യം കൊച്ചി സൈന്യത്തിനു മുകളിൽ ആധിപത്യം നേടിയിരുന്നു.

കൊച്ചി സൈന്യത്തെ നേരിടേണ്ടിവന്ന ഭാരം അല്ലെങ്കിൽ നഷ്ടം അത് വളരെ വലുതായിരുന്നു കൊച്ചിയിലെ മൂന്നു രാജാക്കന്മാർ ആണന്ന് ആ യുദ്ധത്തിൽ മരിച്ചു വീണത് ,കൊച്ചി രാജാവ് എളങ്ങുന്ന പുഴ ക്ഷേത്രത്തിലെ സങ്കേതത്തിൽ അഭയം തേടി.

മഴക്കാലമായതുകൊണ്ടുതന്നെ ഓണം കഴിഞ്ഞ് യുദ്ധം പുനരാരംഭിക്കാം എന്ന് സാമൂതിരി തീരുമാനിക്കുകയും കോഴിക്കോട്ടേക്ക് മടങ്ങി പോവുകയും ചെയ്തു എന്നാൽ ശക്തമായ ഒരു സൈനിക വിഭാഗത്തെ കൊച്ചിയിൽ നിർത്തിയിട്ടാണ് അദ്ദേഹം തിരിച്ച് പോയത്.

1503 സെപ്റ്റംബറിൽ ഫ്രാൻസിസ്കോ അൽബുക്കിന്റെ കീഴിൽ ഒരു ഫോട്ടോ കേസ് നാവിക വിഭാഗം കൊച്ചിയിലെത്തുകയും ശക്തമായ ഈ പോഷക സേനയെ കണ്ടു കോഴിക്കോട് സൈന്യത്തിന് പുറകോട്ട് വലികേണ്ടിയും വന്നു.

വിജയത്തിന്റെ ആഹ്ലാദം ലഹരിയിൽ ഇടപ്പള്ളി രാജാവിന്റെ ദേശങ്ങൾ കൊള്ളയടിക്കുകയും ഒട്ടേറെ ഗ്രാമങ്ങൾ കൊള്ളി വെക്കുകയും നിരായുധരായ സാധാരണ ജനങ്ങളെ കൊന്നൊടുക്കുകയും ചെയ്തു പോർച്ചുഗീസ്.

തന്നെ സംരക്ഷിച്ചത് കൊണ്ട് തന്നെ തങ്ങളുടെ വ്യാപാരശാല സംരക്ഷണത്തിനായി കൊച്ചിയിൽ ഒരു കോട്ട കെട്ടാൻ അനുവാദവും നൽകി.

1503 സെപ്തംബർ 27 തീയതി തറക്കല്ലിട്ട ഈ കോട്ടയാണ് ഇന്ത്യയും യൂറോപ്യന്മാർ നിർമിച്ച ആദ്യ കോട്ട പോർച്ചുഗീസ് രാജാവിന്റെ പേര് മാനുവൽ കോട്ട അതിനെ വിളിക്കപ്പെട്ടു.

പോർച്ചുഗീസുകാരുടെ ഉപദേശപ്രകാരം കൊച്ചി രാജാവ് അഞ്ചുകൈമാരുടെ കൂട്ടുകൂടി അവർ കോഴിക്കോട് സാമൂതിരിയിൽ നിന്നും അകന്നു കൊച്ചിയുമായി പുതിയ ബന്ധം സ്ഥാപിച്ചു.

ഇതേസമയം കോഴിക്കോട് സാമൂതിരി മുസ്ലിം വ്യാപാരികളുമായി കൊച്ചിയിലേക്കുള്ള അരിയുടെ കയറ്റുമതി ഇല്ലാതാക്കാൻ ശ്രമിച്ചു എന്നാൽ അത് ഫലം കണ്ടില്ല ശേഷം 1504 ൽ വലിയ രീതിയിൽ ഉള്ള പടം നീക്കങ്ങൾ നടന്നു കൊച്ചിയെ ആക്രമിക്കാനുള്ള സാമൂതിരിയുടെ തന്ത്രം വിഫലമായി അഞ്ചുമാസം നീണ്ടു നിന്ന ദീർഘമായ ആക്രമണത്തിനുശേഷം സാമൂതിരിക്ക് പിൻവാങ്ങേണ്ടി വന്നു.

1504 പോർച്ചുഗീസുകാർ സാമൂതിരിയുടെ കയ്യിൽ നിന്ന് കൊടുങ്ങല്ലൂർ നഗരം പിടിച്ചെടുത്ത് അതിനുചുറ്റും കോട്ടമതിൽ കെട്ടി കൊടുങ്ങല്ലൂർ രാജാവ് കോഴിക്കോട് മായുള്ള ബന്ധം അവസാനിപ്പിച്ച് പോർച്ചുഗീസുകാരുടെ സംരക്ഷണം സ്വീകരിച്ചു.

പോർച്ചുഗീസുകാർ കൊടുങ്ങല്ലൂർ പിടിച്ചതോടെ അവർ കേരളത്തിലെ ഒന്നാമത്തെ യുദ്ധ പരമ്പരയിൽ വിജയം നേടി.

ഇപ്പോൾ കേരളത്തിൽ കൊച്ചിയിലും കൊടുങ്ങല്ലൂരും ദൃഢമായി ഉറപ്പിക്കപ്പെട്ടു .

വാസ്കോ ഡാ ഗാമ യെ അടക്കം ചെയ്തിരിക്കുന്നത് **ലിസ്ബണിലെ ജെറോണമിസ് കത്തീഡ്രൽ (പോർച്ചുഗീസ് ).**

NEPTUNEVINES